I/44738/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**വിജ്ഞാപനം**

**കീം 2023**

**കീം അപേക്ഷയിൽ ബി.ഫാം കോഴ്സ് കൂട്ടിച്ചേർക്കുന്നതിന് അവസരം**

കീം 2023 മുഖേന ഇതിനോടകം ഓൺലൈനായി അപേക്ഷ സമർപ്പിക്കുകയും 2023-ലെ കേരള എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷയുടെ പേപ്പർ 1 (ഫിസിക്സ് & കെമിസ്ട്രി) എഴുതുകയും എന്നാൽ ഫാർമസി കോഴ്സിന് അപേക്ഷിക്കാതിരിക്കുകയും ചെയ്തവർക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന ഫാർമസി റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നതിനായി പ്രസ്തുത അപേക്ഷയിൽ ബി.ഫാം കോഴ്സ് കൂട്ടിചേർക്കുന്നതിന് അവസരം ലഭ്യമാക്കിയിട്ടുണ്ട്. ബി.ഫാം കോഴ്സ് കൂട്ടിച്ചേർക്കുന്നതിന് **18.07.2023 വൈകുന്നേരം 3 മണി വരെ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കും. ഇതിനായി മേൽ വെബ്സൈറ്റിലെ **'**Keam 2023-Candidate Portal**'** എന്ന ലിങ്കിലൂടെ അപേക്ഷാ നമ്പറും, പാസ്‌വേഡും നൽകി വിദ്യാർത്ഥികൾ അവരുടെ ഹോം പേജിൽ പ്രവേശിക്കേണ്ടതാണ്. അതിനുശേഷം **'**Add course**'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഫാർമസി കോഴ്സ് കൂട്ടിച്ചേർക്കാവുന്നാണ്.

ബി.ഫാം കോഴ്സ് കൂട്ടിച്ചേർക്കുന്നതിന്, മുമ്പ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള 2023-24 അധ്യയന വർഷത്തിലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളുടെ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ അംഗീകൃത പ്രോസ്പെക്ടസിലെ വ്യവസ്ഥകളും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും 17.03.2023 ലെ പ്രവേശനം സംബന്ധിച്ചുള്ള വിജ്ഞാപനവും അപേക്ഷകർ ശ്രദ്ധിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
14-07-2023

**പ്രവേശന പരീക്ഷാ കമ്മീഷണർ**

Signed by
Arun K Vijayan
Date: 14-07-2023 18:10:24